**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1077** **10-08-2023 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ ഉപ്പുവെള്ള പ്രതിരോധ ബണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഉപ്പ് വെള്ള പ്രതിരോധ ബണ്ട് നിർമ്മാണത്തിന് ചെറുകിട ജലസേചന വകുപ്പ് മുഖേന എസ്റ്റിമേറ്റ് സമർപ്പിച്ച് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തിയായോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ 10 ഗ്രാമപഞ്ചായത്തുകളിലെ (കല്യാശ്ശേരി, കണ്ണപുരം, ചെറുകുന്ന്, മാട്ടൂൽ, മാടായി, ചെറുതാഴം, കുഞ്ഞിമംഗലം, കടന്നപ്പള്ളി-പാണപ്പുഴ, ഏഴോം, പട്ടുവം) 15 ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണ പ്രവൃത്തികൾക്ക് ചെറുകിട ജലസേചന വകുപ്പ് മുഖേന എസ്റ്റിമേറ്റ് സമർപ്പിക്കുകയും 400 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും ചെയ്തു. 15 ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണ പ്രവൃത്തികളുടെയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ ഉടമ്പടിയിലേർപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ